**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4648 13.11.2019 -ൽ മറുപടിക്ക്

**എംപ്ലോയബിലിറ്റി സെന്റർ**

| | **ചോദ്യം**<br>ശ്രീ.തോമസ് ചാണ്ടി | | **ഉത്തരം**<br>ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
|---|---|---|---|
| | സംസ്ഥാനത്ത് കൂടുതൽ തൊഴിൽ അവസരങ്ങൾക്കും ഉദ്യോഗാർത്ഥികൾക്ക് സഹായം നൽകുന്നതിനും വേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന എംപ്ലോയബിലിറ്റി സെന്ററുകൾ എല്ലാ ജില്ലകളിലും നിലവിൽ വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | | ഇല്ല. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടുകൂടി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. സംസ്ഥാനത്തെ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുള്ളത്. നിലവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ എംപ്ലോയബിലിറ്റി സെന്റർ പ്രവർത്തിച്ചുവരുന്നു. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**